**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2939 — 02.04.2013-ൽ മറുപടിയ്ക്ക്

## റോഡ് സുരക്ഷാ ഓഡിറ്റ്

**ചോദ്യം**

**ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ**
**,, റ്റി.എൻ.പ്രതാപൻ**
**,, പി.എ.മാധവൻ**
**,, വർക്കല കഹാർ**

(എ) പൊതുമരാമത്ത് വകുപ്പ് റോഡ് സേഫ്റ്റി ഓഡിറ്റ് നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത ഓഡിറ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു ;

(സി) സംസ്ഥാനത്തെ റോഡുകളിലെ അപകടനിവാരണം, സുരക്ഷ എന്നിവയുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത ഓഡിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത ഓഡിറ്റിന്റെ തുടർ നടപടികൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ?

**മറുപടി**

**ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**
(പൊതുമരാമത്ത് വകുപ്പുമന്ത്രി)

**(എ),(ബി),(സി) & (ഡി):**

റോഡ് സേഫ്റ്റി ഓഡിറ്റ് നടത്തിയിട്ടുണ്ട്. കണ്ണൂർ ചാല ടാങ്കർ ലോറി ദുരന്തത്തോടനുബന്ധിച്ച് സംസ്ഥാനത്തെ റോഡുകളിലെ അപകട നിവാരണത്തിനും, സുരക്ഷയ്ക്കും വേണ്ടി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പൊതുമരാമത്ത് വകുപ്പിൻ കീഴിലുള്ള റോഡുകളിൽ റോഡ് സേഫ്റ്റി ഓഡിറ്റ് നടത്തിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിന് 589.99 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു.

ഈ റിപ്പോർട്ടിൽ റോഡപകടങ്ങൾ കുറയ്ക്കാനുള്ള മുൻകരുതൽ എന്ന നിലയിൽ റോഡ് മാർക്കിംഗുകൾ, സൈൻബോർഡുകൾ, ക്രാഷ് ബാരിയറുകൾ, ഹമ്പുകൾ, റിഫ്ലക്റ്ററുകൾ, റമ്പിൾ സ്ട്രിപ്പുകൾ തുടങ്ങിയ റോഡു സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും ജ്യോമട്രിക് നവീകരണം, ജംഗ്ഷൻ നവീകരണം, സൈറ്റ് ഡിസ്റ്റൻസ് നവീകരണം, ബസ് ബേ നിർമ്മാണം എന്നിവയ്ക്കും ശുപാർശകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ